'അഭിപ്രായം തേടലി'ന്റെ രണ്ട് അർത്ഥങ്ങൾ

അരുൺ ജെയ്റ്റ്ലി

കർണാടക ഉപലോകായുക്ത കേസിൽ 2013 ജനുവരി 11 ന് സുപ്രീം കോടതി വിധി പ്രഖ്യാപിച്ചു. ഗുജറാത്തിലെ ലോകായുക്ത നിയമനവുമായി ബന്ധപ്പെട്ട 2013 ജനുവരി 2 ലെ സുപ്രീം കോടതിയുടെ മറ്റൊരു ഉത്തരവു സംബന്ധിച്ച് 2013 ജനുവരി 3 ന് ഞാൻ വിശദമായ അഭിപ്രായ പ്രകടനം നടത്തിയിരുന്നു. ഒമ്പതു ദിവസത്തെ ഇടവളയിൽ വന്ന രണ്ട് ഉത്തരവുകളും ഞാൻ പലയാവർത്തി വായിച്ചു. രണ്ട് ഉത്തരവുകൾക്കും അടിസ്ഥാനമായ നിയമങ്ങൾ തമ്മിൽ പ്രകടമായ വ്യത്യാസമുണ്ടെന്ന തോന്നലുളവാകും. ഗുജറാത്ത് ലോകായുക്ത നിയമന കാര്യത്തിൽ ചീഫ് ജസ്റ്റിസിന്റെ അഭിപ്രായത്തിനുള്ള പ്രാമുഖ്യം സംബന്ധിച്ച് ഇത് പലരിലും സംശയത്തിന് ഇടയാക്കിയിട്ടുണ്ട്.

നിയമ വ്യവസ്ഥകൾ

കർണാടക നിയമത്തിലെ സെക്ഷൻ 3 ആണ് ലോകായുക്ത, ഉപലോകായുക്ത നിയമനം സംബന്ധിച്ചുള്ളത്. ഈ നിയമത്തിലെ സെക്ഷൻ 3(2)(ബി) താഴെ കൊടുക്കുന്നു:-

"(ബി) ഉപലോകായുക്തയായി നിയമിക്കപ്പെടുന്നയാൾ ഹൈക്കോടതി ജഡ്ജിയുടെ പദവി വഹിച്ചിട്ടുണ്ടാകണം. കർണാടക ഹൈക്കോടതി ചീഫ് ജസ്റ്റിസ്, കർണാടക ലെജിസ്ളേറ്റിവ് കൗൺസിൽ ചെയർമാൻ, കർണാടക ലെജിസ്ളേറ്റിവ് അസംബ്ലി സ്പീക്കർ, കർണാടക ലെജിസ്ളേറ്റിവ് കൗൺസിൽ പ്രതിപക്ഷ നേതാവ്, കർണാടക ലെജിസ്ളേറ്റിവ് അസംബ്ലി പ്രതിപക്ഷ നേതാവ് എന്നിവരുടെ അഭിപ്രായം തേടിയ ശേഷം മുഖ്യമന്ത്രി സമർപ്പിക്കുന്ന ശുപാർശ പ്രകാരമാകണം ഉപലോകായുക്തയെ നിയമിക്കേണ്ടത്."

ഗുജറാത്ത് നിയമത്തിലെ വ്യവസ്ഥ (സെക്ഷൻ 3) താഴെ പറയുന്ന പ്രകാരമാണ്:

"ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിനായി ലോകായുക്ത എന്ന് അറിയപ്പെടുന്ന ഒരു വ്യക്തിയെ ഗവർണർ അദ്ദേഹത്തിന്റെ ഉത്തരവു പ്രകാരം നിയമിക്കണം.

ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെയും, ഗുജറാത്ത് നിയമസഭ നിലവില്ലാത്തതോ ഭരണഘടനയുടെ 356 -ാം വകുപ്പു പ്രകാരമുള്ള ഉത്തരവ് ഗുജറാത്ത് സംസ്ഥാനത്ത് പ്രാബല്യത്തിലുള്ളതോ ആയ അവസരത്തിലല്ല നിയമനമെങ്കിൽ ലെജിസ്ളേറ്റിവ് അസംബ്ളി പ്രതിപക്ഷ നേതാവിന്റെയും, അങ്ങനെയൊരു നേതാവ് ഇല്ലെങ്കിൽ സ്പീക്കറുടെ നിർദ്ദേശ പ്രകാരം പ്രതിപക്ഷ അംഗങ്ങൾ ഇക്കാര്യത്തിനായി തിരഞ്ഞെടുക്കുന്ന ഒരു വ്യക്തിയുടെയും അഭിപ്രായം തേടിയ ശേഷമാകണം നിയമനം.

കർണാടകത്തിലെ ഉപലോകായുക്ത, ഹൈക്കോടതി ജഡ്ജി ആയിരുന്നയാളും ഗവർണർക്ക് മുഖ്യമന്ത്രി നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടേണ്ടയാളുമാണെന്ന് കർണാടക നിയമ വ്യവസ്ഥകൾ വായിച്ചാൽ നിസംശയം മനസിലാകും. ശുപാർശ നൽകുംമുമ്പ് ഹെക്കോടതി ചീഫ് ജസ്റ്റിസ്, കർണാടക ലെജിസ്ളേറ്റിവ് കൗൺസിൽ ചെയർമാൻ, കർണാടക ലെജിസ്ളേറ്റിവ് അസംബ്ലി സ്പീക്കർ, കർണാടക ലെജിസ്ളേറ്റിവ് കൗൺസിൽ പ്രതിപക്ഷ നേതാവ്, കർണാടക ലെജിസ്ളേറ്റിവ് അസംബ്ലി പ്രതിപക്ഷ നേതാവ് എന്നിവരുടെ അഭിപ്രായം മുഖ്യമന്ത്രി തേടണം. ഈ നിയമവ്യവസ്ഥയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ 'അഭിപ്രായം തേടൽ' എന്നാണ്.

ഗുജറാത്ത് നിയമത്തിൽ പറയുന്നത്, ഗവർണർ നിയമനം നടത്തണമെന്നാണ്. ഗവർണർ പ്രവർത്തിക്കേണ്ടത്, സുപ്രീം കോടതി വ്യക്തമാക്കിയിട്ടുള്ളതുപോലെ, മന്ത്രിസഭയുടെ ഉപദേശ പ്രകാരമാണ്. മുഖ്യമന്ത്രി/മന്ത്രിസഭാംഗങ്ങൾ ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെയും പ്രതിപക്ഷ നേതാവിന്റെയും അഭിപ്രായം തേടും. ഗുജറാത്ത് നിയമത്തിലും ഉപയോഗിച്ചിരിക്കുന്നതും 'അഭിപ്രായം തേടൽ' എന്നു തന്നെ.

'അഭിപ്രായം തേടൽ' എന്ന പ്രയോഗത്തിന് കർണാടക നിയമത്തിലും ഗുജറാത്ത് നിയമത്തിലും വ്യത്യസ്ത അർത്ഥമാണോ എന്നതാണ് വിഷയം. എക്സിക്യൂട്ടിവും ജുഡിഷ്യറിയും തമ്മിലുള്ള സമതുലനം പുനസ്ഥാപിക്കുന്നതാണ് കർണാടകവുമായി ബന്ധപ്പെട്ട ഉത്തരവ്. വ്യാഖ്യാനത്തിലെ സുവർണ നിയമമാണ് അതു പിന്തുടരുന്നത്. അതായത്, നിയമ നിർമ്മാണ സഭയുടെ ഉദ്ദേശ്യം വിശദമാക്കുന്ന തരത്തിൽ വാച്യാർത്ഥത്തിലുള്ള വ്യാഖ്യാനം.

കർണാടകത്തിന്റെ വീക്ഷണം

അഭിപ്രായം തേടൽ അർത്ഥവത്തും ഫലപ്രദവുമാകണമെന്ന് കർണാടക വിധിയിൽ സുപ്രീം കോടതി ശരിയാംവണ്ണം അഭിപ്രായപ്പെട്ടിട്ടുണ്ട്. ഗവർണർക്കു ശുപാർശ ചെയ്യാൻ മുഖ്യമന്ത്രി ആഗ്രഹിക്കുന്ന എല്ലാ പേരുകളും ഉപദേഷ്ടാക്കൾക്ക് നൽകിയിരിക്കണം. ഈ കേസിൽ സുപ്രീം കോടതിയുടെ സമാനമായ രണ്ട് അഭിപ്രായ പ്രകടനങ്ങൾ വ്യക്തമാക്കുന്നത് താഴെ കൊടുക്കുന്ന യുക്തിഭദ്രതയാണ്:-

"മുഖ്യമന്ത്രിയുടെ ഉപദേശത്തിനാകണം പ്രാമുഖ്യം; ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഉൾപ്പെടെ മറ്റൊരു ഉപദേഷ്ടാവിന്റെയും അഭിപ്രായത്തിനാകരുത്. ............ .................... ...................

എന്റെ അഭിപ്രായത്തിൽ ഇത് നിയമത്തിലെ സെക്ഷൻ 3(2)(എ), (ബി) എന്നിവ സംബന്ധിച്ച വിഷയമാണ്. സെക്ഷൻ 3(2)(എ), (ബി) എന്നിവയിലെ ഭാഷാ പ്രയോഗം സംബന്ധിച്ച് ഞങ്ങൾ എത്ര കിണഞ്ഞു പരിശ്രമിച്ചിട്ടും, കർണാടക ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അഭിപ്രായത്തിന് പ്രാമുഖ്യം നൽകണമെന്നു പറയാൻ സാധിക്കുന്നില്ല. അതിനാൽ, ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അഭിപ്രായത്തിനാണ് പ്രാമുഖ്യമെന്ന ഹൈക്കോടതിയുടെ വിവിധ ഉത്തരവുകൾ ഈ നിയമത്തിനു ബാഹ്യമാണെന്നും, നിയമ നിർമ്മാണ പ്രക്രിയയിൽ ഹൈക്കോടതി ഇടപെട്ടത് നിയമപ്രകാരം അനുവദനീയമല്ലെന്നുമാണ് എന്റെ അഭിപ്രായം. ................. .................... ..................

അയതിനാൽ, ഏത് ഉപദേഷ്ടാവിന്റെയും അഭിപ്രായത്തിന് യാതൊരു പ്രാമുഖ്യവുമില്ലെന്നും, ചർച്ചാ വിധേയമാക്കിയ പേരുകളിൽ നിന്ന് ഏതെങ്കിലുമൊന്ന് ഉപലോകായുക്ത നിയമത്തിനായി സംസ്ഥാന ഗവർണർക്ക് ശുപാർശ ചെയ്യാൻ മുഖ്യമന്ത്രിക്ക് കഴിയുമെന്നും ഞാൻ വ്യക്തമാക്കുന്നു.

സുപ്രീം കോടതിയുടെ സമാനമായ രണ്ടാമത്തെ അഭിപ്രായം താഴെ കൊടുക്കുന്നു:-

"ഗവർണർക്ക് ഉപദേശം നൽകേണ്ടതു മുഖ്യമന്ത്രിയാണ് എന്നതിനാൽ സാധാരണയായി അത് മുഖ്യമന്ത്രി തന്നെയാകണം. യഥാർത്ഥത്തിൽ നിയമനം മുഖ്യമന്ത്രിയുടെ പ്രാഥമിക ഉത്തരവാദിത്വവുമാണ്. ............. ................ നിരവധി ഭരണഘടനാ സ്ഥാപനങ്ങളുടെ അഭിപ്രായം തേടിയ ശേഷമാണ് ഉപലോകായുക്തയെ നിയമിക്കുന്നതെന്നും, ഒരു ഭരണഘടനാ സ്ഥാപനവും മറ്റൊന്നിനു താഴെയല്ലെന്നുമുള്ള വസ്തുതകൾ മറക്കരുത്. .......... .............. നിയമപ്രകാരം ഉപലോകായുക്തയെ നിയമിക്കാനുള്ള ശുപാർശ മുഖ്യമന്ത്രിയിൽ നിന്നു മാത്രമാണ് ഉണ്ടാകേണ്ടതെന്നും അദ്ദേഹത്തിന്റെ ശുപാർശ മാത്രമാണ് പരിഗണിക്കപ്പെടേണ്ടത് എന്നുമുള്ള ഹൈക്കോടതി ഉത്തരവിനോട് അതിനാൽ ഞാൻ യോജിക്കുന്നു. .............. നിയമത്തിലെ 3(2)(എ), (ബി) വകുപ്പുകൾ സംബന്ധിച്ചിടത്തോളം, ഗവർണർക്ക് ഉപദേശം നൽകാൻ ചുമതലപ്പെട്ട മുഖ്യമന്ത്രിക്കാണ് ഉപലോകായുക്ത നിയമനത്തിന്റെ പ്രധാന ചുമതല. ഗവർണർക്ക് ഉപദേശം നൽകും മുമ്പ് ഉപദേശം തേടേണ്ട ഏക ഭരണഘടനാ സ്ഥാപനം ചീഫ് ജസ്റ്റിസ് മാത്രമല്ല എന്നതിനാൽ, അദ്ദേഹത്തിന്റെ അഭിപ്രായം മറ്റ് ഭരണഘടനാ സ്ഥാപനങ്ങൾക്കു മുകളിൽ വരുമെന്നു പറയാനാകില്ല. ................"

ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഉൾപ്പെടെയുള്ള വിവിധ ഉപദേഷ്ടാക്കളുമായി അർത്ഥവത്തായ ചർച്ച വേണമെന്നു പറയുമ്പോൾ തന്നെ, ചീഫ് ജസ്റ്റിസിനല്ല മുഖ്യമന്ത്രിക്കാണ് പ്രാമുഖ്യമെന്ന് വ്യക്തമാക്കുന്നതാണ് കർണാടക കേസിലെ സുപ്രീം കോടതി ഉത്തരവ്.

ഗുജറാത്ത് വീക്ഷണം

ഗുജറാത്ത് ലോകായുക്ത കേസിലെ സുപ്രീം കോടതിയുടെ അഭിപ്രായ പ്രകടനം ഇതിൽ നിന്ന്

തികച്ചും വ്യത്യസ്തമാണ്. സുപ്രീം കോടതി പറഞ്ഞത് ഇങ്ങനെ – “ചീഫ് ജസ്റ്റിസിന് സ്വതന്ത്രമായ സ്ഥാനമുള്ളതിനാലും, ലോകായുക്തയായി നിയമിക്കപ്പെടാൻ യോഗ്യത ഹൈക്കോടതിയിൽ നിന്നു വിരമിച്ച ജഡ്ജിമാർക്കാണ് എന്നതിനാലുമാണ് ചീഫ് ജസ്റ്റിസിന്റെ അഭിപ്രായത്തിന് പ്രാമുഖ്യം നൽകണമെന്നു പറയുന്നത്. നിയമിക്കപ്പെടേണ്ടയാൾ യോഗ്യനാണോ എന്നു നിശ്ചയിക്കാൻ ചീഫ് ജസ്റ്റിസാണ് ഏറ്റവും അനുയോജ്യൻ. ........... നിയമനത്തിൽ ചീഫ് ജസ്റ്റിസിനാണ് പ്രാമുഖ്യമെന്നതിനാൽ അദ്ദേഹത്തിന്റെ ഉപദേശം നിരാകരിച്ച മുഖ്യമന്ത്രിയുടെ നടപടിക്ക് പ്രസക്തിയില്ല. .................... മാത്രമല്ല, പരിമിതമായ അധികാരങ്ങൾ മാത്രമുള്ള ഒരു വ്യക്തിയെ (മുഖ്യമന്ത്രിയെ!) നിസ്സീമമായ അധികാരങ്ങൾ വിനിയോഗിക്കാൻ അനുവദിക്കാനുമാകില്ല.”

വൈരുദ്ധ്യം

ലോകായുക്തയുടെയും ഉപലോകായുക്തയുടെയും നിയമനം സംബന്ധിച്ച് വെറും ഒമ്പതു ദിവസത്തെ ഇടവേളയിൽ സുപ്രീം കോടതി പരസ്പര വിരുദ്ധമായ രണ്ട് അഭിപ്രായ പ്രകടനങ്ങൾ നടത്തിയിരിക്കുകയാണ്. മറ്റൊരു സംസ്ഥാനത്തെ നിയമത്തെ അപേക്ഷിച്ച് ഗുജറാത്തിലെ നിയമം എങ്ങനെ വ്യത്യസ്തമാകും? രണ്ട് നിയമങ്ങളുടെയും ലക്ഷ്യം വ്യത്യസ്തമാണെന്ന ന്യായമാണ് രണ്ടാമത്തെ ഉത്തരവിൽ പറയുന്നത്. ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഉൾപ്പെടെയുള്ള ഉപദേഷ്ടാക്കളുടെ അഭിപ്രായം മുഖ്യമന്ത്രി ആരായണമെന്ന് രണ്ടു നിയമങ്ങളിലും നിഷ്കർഷിക്കുന്നുണ്ട് എന്നിരിക്കേ ഇത് യുക്തിസഹമല്ല. രണ്ടു നിയമങ്ങളുടെയും ലക്ഷ്യം ഏകദേശം ഒന്നാണു താനും.
നിയമ നിർമ്മാണ സഭാംഗമെന്ന നിലയിൽ വിരുദ്ധ ധ്രുവങ്ങളിലുള്ള രണ്ട് അഭിപ്രായങ്ങൾ എന്നെ സന്ദേഹത്തിലാക്കുന്നു. ഭാവിയിൽ ലോക്പാൽ നിയമനത്തിനായി പാർലമെന്റ് ഒരു കോളീജിയത്തിന് രൂപം നൽകിയാൽ ചീഫ് ജസ്റ്റിസ് വെറും ഉപദേഷ്ടാവു മാത്രമായിരിക്കുമോ, അതോ കോളീജിയത്തിലെ മറ്റ് അംഗങ്ങൾക്കു മേൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിന് പ്രാമുഖ്യം ലഭിക്കുമോ? ഈ അവ്യക്തത നീക്കുകയും വ്യാഖ്യാന പ്രക്രിയയിൽ വ്യക്തത കൊണ്ടുവരികയും വേണം.

സമാന സന്ദർഭങ്ങൾ ആയിരുന്നിട്ടു പോലും ഒരേ വാക്കിന് വ്യത്യസ്ത അർത്ഥം നൽകിയ കീഴ്‌വഴക്കം ചരിത്രത്തിലില്ല. രണ്ടാം ലോക മഹായുദ്ധ വേളയിൽ നാസി ചാരന്മാരുടെ കരുതൽ തടങ്കലുമായി ബന്ധപ്പെട്ട് ഹൗസ് ഓഫ് ലോർഡ്സ്, ആഭ്യന്തര മന്ത്രിയെ പ്രീണിപ്പിക്കാനായി, സമാധാന കാലത്തേതിൽ നിന്നു വ്യത്യസ്തമായ വിധം നിയമത്തെ വ്യാഖ്യാനിച്ചിരുന്നു. മഹത്തായ നിയമ ചരിത്രത്തിന്റെ ഭാഗമാണ് ഇതുമായി ബന്ധപ്പെട്ട ലോർഡ് അറ്റ്കിൻ – സർ ജോൺ ആൻഡേഴ്സൺ സംവാദം. അദ്ദേഹത്തിന്റെ മഹത്തായ വാക്കുകൾ ഉദ്ധരിക്കാൻ മാത്രമേ എനിക്കു കഴിയൂ – “ആയുധങ്ങൾ ഏറ്റുമുട്ടുന്ന ഈ രാജ്യത്ത് നിയമം നിശബ്ദമല്ല. അവ മാറിയിട്ടുണ്ടാകാം, പക്ഷേ യുദ്ധകാലത്തും സമാധാന കാലത്തും അവ ഒരേ ഭാഷ തന്നെയാണ് സംസാരിക്കുന്നത്. ......... തടങ്കലിൽ വയ്ക്കാൻ മന്ത്രിക്ക് അനിയന്ത്രിതമായ അധികാരം നൽകാനായി വാക്കുകൾക്കു മേൽ സമ്മർദ്ദം ചെലുത്തിയതിൽ, ഒറ്റയ്ക്കാണെങ്കിൽ പോലും, ഞാൻ പ്രതിഷേധിക്കുന്നു. വാക്കുകൾക്ക് ഒരു അർത്ഥം മാത്രമേയുള്ളൂ. അതേ അർത്ഥത്തിൽ തന്നെയാണ് നിയമങ്ങളിലും ചട്ടങ്ങളിലും അവ ഉപയോഗിക്കുന്നത്. ഇപ്പോൾ ആരോപിക്കപ്പെട്ട അർത്ഥത്തിൽ അവയെ മുമ്പ് ഉപയോഗിച്ചിട്ടില്ല. രാജ്യരക്ഷാ നിയമങ്ങളിലും സ്വാഭാവിക അർത്ഥത്തിൽ തന്നെയാണ് അവയെ ഉപയോഗിച്ചിട്ടുള്ളത്. ഇപ്പോൾ ആരോപിക്കുന്ന അർത്ഥം നൽകിയാൽ അവ ശുഷ്കിച്ചു പോകും. അവ പ്രസക്തമാണെങ്കിൽ പോലും – അവ പ്രസക്തമല്ല – അസ്വാഭാവികമായ രീതിയിൽ അർത്ഥ മാറ്റം വരുത്തുന്നതിനെക്കാൾ വലിയ വിഡ്ഢിത്തമില്ല. ഇത്തരത്തിലുള്ള അർത്ഥമാറ്റത്തെ ന്യായീകരിക്കുന്ന ഒരു അധികാരിയെ മാത്രമേ എനിക്കറിയൂ. ഹംപ്റ്റി ഡംപ്റ്റി പുച്ഛസ്വരത്തിൽ പറഞ്ഞു, “ഞാൻ ഒരു വാക്ക് ഉപയോഗിക്കുമ്പോൾ അതിന്റെ അർത്ഥം ഞാൻ നിശ്ചയിക്കുന്നതാണ്. അതിലൊട്ടും കൂടുതലുമില്ല, കുറവുമില്ല.” “ചോദ്യം ഇതാണ്,” ആലീസ് പറഞ്ഞു, “വാക്കുകൾക്ക് വ്യത്യസ്ത അർത്ഥം നൽകാൻ നിനക്കു കഴിയുമോ?” “ചോദ്യം ഇതാണ്,” ഹംപ്റ്റി ഡംപ്റ്റി പറഞ്ഞു, “ ഏതിനാണ് പ്രാമുഖ്യം – അത്രേയുള്ളൂ.”

‘അഭിപ്രായം തേടൽ’ എന്ന വാക്കുകൾക്ക് ഒരു അർത്ഥമേയുള്ളൂ, അത് ഗുജറാത്തിലോ കർണാടകത്തിലോ രാജ്യത്ത് മറ്റ് എവിടെയെങ്കിലുമോ ആയാലും.